# പെരിഞ്ഞനം ഗവ.യു.പി സ്കൂൾ
# സോളാർ വൈദ്യുതോല്പാദനയൂണിറ്റ്
# പവർ ഓൺ കർമ്മം

**2016 ജൂൺ 7 – ാം തിയ്യതി രാവിലെ 10.30ന്**

പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്

CEEE
കേരള കാർഷിക സർവ്വകലാശാല

പ്രിയ സുഹൃത്തേ,

പെരിഞ്ഞനം ഗവ.യു.പി സ്ക്കൂൾ അതിന്റെ നേട്ടങ്ങളുടെ പട്ടികയിൽ ഒരു പൊൻതൂവൽ കൂടി തുന്നിച്ചേർത്തിരിക്കുന്നു. സോളാർ പാനലുകൾ സ്ഥാപിച്ച് സ്ക്കൂൾ സ്വന്തമായി വൈദ്യുതി ഉത്പാദനം ആരംഭിച്ചിരിക്കുന്നു. പെരിഞ്ഞനം ഗ്രാമപഞ്ചായത്തിന്റെയും കേരള കാർഷിക സർവ്വകലാശാലയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ എൻവയോൺമെന്റൽ ഇക്കണോമിക്സ് എന്ന ഗവേഷണ വിഭാഗത്തിന്റെയും സംയുക്ത സഹകരണത്തോടെയാണ് ഈ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നത്. 800 വാട്ട്സ് വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള ശേഷിയാണ് ഈ യൂണിറ്റിനുള്ളത്.

നേരിട്ട് കണ്ടും കേട്ടും അറിഞ്ഞും പഠിയ്ക്കുന്നതിനുള്ള അന്തരീക്ഷമൊരുക്കി വിദ്യാലയാങ്കണത്തെ ഒരു പഠന പാർക്കാക്കി മാറ്റുന്നതിനുള്ള ലക്ഷ്യത്തിന്റെ ആദ്യപടി കൂടിയാണ് ഈ പദ്ധതി.

2016 ജൂൺ 7–ാം തിയ്യതി രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ വെച്ച് കയ്പമംഗലം നിയോജകമണ്ഡലം എം.എൽ.എ. **ബഹു: ഇ.ടി ടൈസൺ മാസ്റ്റർ** പദ്ധതിയുടെ പവർ ഓൺ കർമം നിർവ്വഹിയ്ക്കും. ബഹു: പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് **ശ്രീ. കെ.കെ സച്ചിത്ത്** അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പൊതു വിദ്യാഭ്യാസത്തിന്റെ അഭിമാനം കൂടിയായ ബഹു.തൃശ്ശൂർ ജില്ലാ സബ്ബ് കലക്ടർ **ശ്രീമതി ഹരിത. വി.കുമാർ** വിശിഷ്ട അതിഥിയായി പങ്കെടുക്കും. വിവിധ ജനപ്രതിനിധികൾക്കൊപ്പം സെന്റർ ഓഫ് എക്സലൻസ് ഇൻ എൻവയോൺമെന്റൽ ഇക്കണോമിക്സ് ഡയറക്ടർ **ഡോ.പി.ഇന്ദിരാ ദേവി** വലപ്പാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ **ശ്രീമതി അനിതകുമാരി** തുടങ്ങിയവരും സംബന്ധിക്കും

ആഹ്ലാദകരമായ ഈ ചടങ്ങിൽ പങ്കാളിയാകാൻ താങ്കളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കെ.കെ സച്ചിത്ത്**
പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത്

**വി.എസ്. ദീപ ടീച്ചർ**
ഹെഡ്മിസ്ട്രസ്

**സുനിതാ നാഥൻ**
പ്രസിഡണ്ട് എസ്.എം.സി

**സരിത കണ്ണൻ**
പ്രസിഡണ്ട് പി.ടി.എ.



പവർ ഓൺ കർമ്മം
**ശ്രീ. ഇ.ടി ടൈസൺ മാസ്റ്റർ**
ബഹു. എം.എൽ.എ



അദ്ധ്യക്ഷൻ
**ശ്രീ. കെ.കെ സച്ചിത്ത്**
ബഹു. പ്രസിഡണ്ട്,
പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്



വിശിഷ്ട അതിഥി
**ശ്രീമതി ഹരിത വി.കുമാർ**
തൃശ്ശൂർ ജില്ലാ സബ്ബ് കലക്ടർ

